ഉത്തരം

(എ ആന്റ് ബി) കൊല്ലം-ആയൂർ റോഡിന്റെ പണി ലോകബാങ്ക് സഹായത്തോടെ നടപ്പാക്കിവരുന്ന രണ്ടാം വർഷ മെയിന്റനൻസിൽ ഉൾപ്പെടുത്തി. പുരോഗമിച്ചു വരുന്നു. സ്ഥലങ്ങൾ ഒഴിവാക്കിയിടാതെ കഴിവതും തുടർച്ചയായി റോഡിന്റെ നിർമ്മാണം നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

കൊല്ലം-അയത്തിൽ ജംഗ്ഷനിൽ ഡിവൈഡർ സ്ഥാപിക്കാൻ നടപടി

72 [2962] ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യത്തിന് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

എൻ. എച്ച്. 47-ൽ മേവറം മുതൽ കല്ലുംതാഴം വരെയുള്ള ബൈപാസ് റോഡ് നിർമ്മാണം പൂർത്തിയായതോടുകൂടി അയത്തിൽ ജംഗ്ഷനിൽ ഉണ്ടായിട്ടുള്ള ഗതാഗതക്കുരുക്കും അപകടങ്ങളും ഒഴിവാക്കുന്നതിലേക്ക് അയത്തിൽ ജംഗ്ഷനിൽ നാഷണൽ ഹൈവേ വിഭാഗം ഡിവൈഡർ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

അയത്തിൽ ജംഗ്ഷനിൽ ഡിവൈഡർ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

എരുമേലിയിൽ റിംഗ് റോഡ് നിർമ്മാണം

73 [2963] ശ്രീ. ജോർജ്ജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രി പങ്കെടുത്ത പമ്പയിൽ വച്ചു നടന്ന യോഗത്തിൽ കോട്ടയം ജില്ലയിലെ എരുമേലിയിൽ റിംഗ് റോഡ് പണിയാൻ പി. ഡബ്ളിയു. ഡി.-യെ നേരിട്ട് ഏല്പിക്കണമെന്ന തീരുമാനമെടുത്തത് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) അടിയന്തിരമായി ഈ റോഡിന്റെ പണി തുടങ്ങിയില്ലെങ്കിൽ മഴമൂലം ഇതുമായി ബന്ധപ്പെട്ട പാലങ്ങളുടേയും, കോസ് വേയുടെയും പണി ഈ വർഷം ചെയ്യാൻ സാധിക്കില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 2005-ലെ ശബരിമല സീസണിൽ, അയ്യപ്പഭക്തന്മാർ പേട്ടതുള്ളുന്ന പാത വാഹനവിമുക്തമാക്കുമെന്ന മുഖ്യമന്ത്രിയുടെയും, മരാമത്ത് മന്ത്രിയുടെയും പ്രഖ്യാപനം പി. ഡബ്ളിയു. ഡി. നേരിട്ട് പണി ഏറ്റെടുത്താൽ മാത്രമേ പ്രവർത്തികമാക്കാൻ കഴിയൂ എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly